കാലികം

കെ.എം.തോമസ്

# ലോകസമാധാനത്തിന്റെ കാവൽ ദൂതനായി ഒബാമ

അമേരിക്കൻ പ്രസിഡണ്ട് ബറാക് ഹുസൈൻ ഒബാമ ജൂൺ നാലിനു കെയ്റോ യൂണിവേഴ്സിറ്റിയിൽ ചെയ്ത പ്രഭാഷണം ഒരു ചരിത്രസംഭവമായി മാറിയിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നെത്തിയ പ്രമുഖ വ്യക്തികളടങ്ങിയ മുസ്ലീം ശ്രോതാക്കൾ അദ്ദേഹത്തിന്റെ ഒരുമണിക്കൂർ നീണ്ട പ്രസംഗം നിരന്തര കരഘോഷങ്ങളോടെയാണു സ്വീകരിച്ചത്.

## പുതിയ ബന്ധത്തിന് ആഹ്വാനം

തന്റെ പ്രസംഗത്തിന്റെ ഉദ്ദേശ്യം അമേരിക്കൻ ജനതയും ലോകമെമ്പാടുമുള്ള മുസ്ലീം സമൂഹവും തമ്മിൽ ഒരു പുതിയ ബന്ധം സ്ഥാപിക്കുകയാണെന്നു തുറന്നു പറഞ്ഞുകൊണ്ടാണ് ഒബാമ ആരംഭിച്ചത്. ആ ബന്ധം പരസ്പരസൗഹൃദത്തിലും ബഹുമാനത്തിലും അധിഷ്ഠിതമായിരിക്കണമെന്നും അദ്ദേഹം ആഗ്രഹിക്കുന്നു. ഭിന്നസംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷം എന്ന സിദ്ധാന്തം പഴകിപ്പോയ അധ്യായമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

പാലസ്തീനും ഇസ്രായേലും രണ്ടു സ്വതന്ത്രരാഷ്ട്രങ്ങളാണെന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് ഇസ്രായേൽ-പാലസ്തീൻ സംഘർഷം അവസാനിപ്പിക്കണമെന്ന ഒബാമയുടെ പുതിയ നിർദേശം വിപ്ലവകരമാണ്. അറബ്‌രാഷ്ട്രങ്ങൾ ഇതിനെ സ്വാഗതം ചെയ്തെങ്കിലും, ഇസ്രായേൽ അത്ര സന്തോഷത്തോടെയല്ല പ്രതികരിച്ചത്. പാലസ്തീൻ പ്രദേശങ്ങളിലുള്ള ഇസ്രായേൽ അധിനിവേശനീക്കങ്ങളെ അമേരിക്ക നിരുപാധികം പിന്തുണയ്ക്കില്ല എന്നും ഒബാമ വ്യക്തമാക്കി.

അമേരിക്ക ഇറാക്കിലോ അഫ്ഗാനിസ്ഥാനിലോ പുതിയ മിലിട്ടറി കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇറാനുമായി വ്യവസ്ഥകളില്ലാത്ത സമാധാനസംഭാഷണത്തിനു യു.എസ്. തയ്യാറാണ്. സംശയത്തിന്റെയും വിദ്വേഷത്തിന്റെയും കാലഘട്ടം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു-ഒബാമ തുടർന്നു പറഞ്ഞു.

ഒരേസമയം 13 ഭാഷകളിലേക്കു മൊഴിമാറ്റം ചെയ്തുകൊണ്ടിരുന്ന ഒബാമയുടെ പ്രസംഗം ലോകമെമ്പാടുമുള്ള ടെലിവിഷൻ പ്രേക്ഷകർ ഏറെ താത്പര്യത്തോടെ കണ്ടുകൊണ്ടിരുന്നു. ഇതിനു മുമ്പ് ഒരമേരിക്കൻ പ്രസിഡണ്ടിൽ നിന്നും ഇത്രയും വ്യക്തവും സൗഹൃദപൂർണവുമായ വാക്കുകൾ മധ്യപൂർവദേശത്തെങ്ങും എത്തിയിട്ടില്ലത്രെ.



ഈജിപ്ത് സന്ദർശനത്തിനിടെ കെയ്റോ യൂണിവേഴ്സിറ്റിയിൽ പ്രഭാഷണം നടത്തുന്ന അമേരിക്കൻ പ്രസിഡണ്ട് ബറാക് ഒബാമ.

**ഒരേസമയം 13 ഭാഷകളിൽ സംപ്രേഷണം ചെയ്ത ഒബാമയുടെ പ്രസംഗം ലോകമെമ്പാടുമുള്ള ടെലിവിഷൻ പ്രേക്ഷകർ ഏറെ താത്പര്യത്തോടെ കണ്ടുകൊണ്ടിരുന്നു. ഇതിനു മുമ്പ് ഒരമേരിക്കൻ പ്രസിഡണ്ടിൽ നിന്നും ഇത്രയും വ്യക്തവും സൗഹൃദപൂർണവുമായ വാക്കുകൾ മധ്യപൂർവദേശത്തെങ്ങും എത്തിയിട്ടില്ലത്രെ.**

## ആഫ്റ്റർ ഇഫക്ട്

പാലസ്തീനിലെ ഹമാസും ലെബനനിലെ ഹിസ്ബുള്ളയും ഒബാമയുടെ വാക്കുകളെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും, അതൊക്കെ പ്രായോഗിക പഥത്തിലെത്തിക്കാൻ അദ്ദേഹത്തിനു കഴിയുമോ എന്ന കാര്യത്തിൽ സംശയമുള്ളവരാണ്. ഒബാമയ്ക്കു മുമ്പു സംസാരിച്ച ഇറാൻ ലീഡർ ആയത്തൊള്ളാ അലി ഖമേനിയാവട്ടെ ആദ്യം തന്നെ സൂചിപ്പിച്ചിരുന്നു, മനോഹരമായ പ്രസംഗങ്ങൾകൊണ്ടല്ല പ്രായോഗിക നടപടികൾ കൊണ്ടാണു മാറ്റങ്ങൾ മുസ്ലീങ്ങൾക്ക് അനുഭവപ്പെടേണ്ടതെന്ന്.

ഇസ്രായേൽ അക്ഷരാർത്ഥത്തിൽ തന്നെ ധർമസങ്കടത്തിലായിക്കഴിഞ്ഞോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അറുപതു ലക്ഷം ജൂതന്മാരെ കൂട്ടക്കൊല ചെയ്ത ഹോളോകോസ്റ്റിന്റെ കഥകളൊക്കെ മറന്ന് ഒരു സുപ്രഭാതത്തിൽ എങ്ങനെയാണു വർഗശത്രുക്കളുമായി സൗഹൃദത്തിലാവുക എന്ന ചിന്ത അവരുടെ നേതാക്കളെ വല്ലാതെ കുഴപ്പിക്കുന്നു. ഇസ്രായേലിന്റെ ആശങ്ക തീർക്കാനാവണം, അമേരിക്കയ്ക്ക് ഇസ്രായേലുമായുള്ള സൗഹൃദത്തിന് യാതൊരു കുറവുമുണ്ടാകുകയില്ല എന്നു വാഷിംഗ്ടണിൽ നിന്നു പിന്നീടു വിശദീകരണമുണ്ടായത്.

ലോകമെമ്പാടുമുള്ള മുസ്ലീം സമൂഹം അമേരിക്കയെ ശത്രുതാമനോഭാവത്തോടെ, അല്ലെങ്കിൽ ആശങ്കകളോടെ നോക്കിക്കാണുന്ന കാലഘട്ടമാണിത്. ഈയിടെ അമേരിക്കയിലെ ഒരു നെറ്റ്‌വർക്ക് ഏജൻസി നടത്തിയ അഭിപ്രായവോട്ടെടുപ്പിൽ 67% ഈജിപ്തുകാർ, അമേരിക്ക ലോകരാഷ്ട്രങ്ങൾക്കിടയിൽ ഒരു നിഷേധാത്മക റോളാണഭിനയിക്കുന്നതെന്ന് അഭിപ്രായപ്പെടുകയുണ്ടായത്രെ. ഇസ്ലാമിക സമൂഹത്തെ ഭിന്നിപ്പിച്ചും ദുർബലപ്പെടുത്തിയും തകർക്കാനാണ് അമേരിക്ക ശ്രമിക്കുന്നതെന്ന് വിശ്വസിക്കുന്നവർ 76 ശതമാനമാണ്.

ഇതേപ്പറ്റി തികച്ചും ബോധവാനാണ് പുതിയ അമേരിക്കൻ പ്രസിഡണ്ട്. 'നീണ്ട വർഷങ്ങൾ കൊണ്ടു വളർന്നുവന്ന പരസ്പരഭയത്തിന്റെയും അവിശ്വാസത്തിന്റെയും അന്തരീക്ഷം ഇന്നു നമ്മളെ ശ്വാസം മുട്ടിക്കുന്നുണ്ട്' എന്നു തുറന്നുപറയാൻ അദ്ദേഹം തയ്യാറാവുകയും ചെയ്തു.

## ടർക്കിയുടെ പ്രതികരണം

ടർക്കി പ്രസിഡണ്ട് അബ്ദുള്ള ഗൾ, ഒബാമയുടെ പ്രസംഗത്തെപ്പറ്റി ഇങ്ങനെ പറഞ്ഞു: ആത്മാർത്ഥയും സത്യസന്ധതയും യാഥാർത്ഥ്യബോധവും നിറഞ്ഞ പ്രസംഗം. ഒബാമ ഇന്നു മുസ്ലീം സമൂഹത്തിനു നല്കിയ സന്ദേശങ്ങളും പ്രതീക്ഷകളും അദ്ദേഹമൊരു ക്രിയാത്മക നേതാവാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

മുസ്ലീം രാജ്യങ്ങൾ തമ്മിൽ സമാധാനവും സുസ്ഥിരതയും കൈവരുത്തുന്ന പങ്കാളിത്തമുണ്ടാകണമെന്ന അദ്ദേഹത്തിന്റെ ആഹ്വാനം തികച്ചും സ്വാഗതാർഹമാണ്.



ബറാക് ഒബാമയുടെ കെയ്റോ യൂണിവേഴ്സിറ്റി പ്രഭാഷണം ടിവിയിൽ തത്സമയം കാണുന്ന ഹമാസ് പോരാളികൾ (ഗാസയിൽ നിന്നുമുള്ള ദൃശ്യം).

**ഇസ്രായേൽ അക്ഷരാർത്ഥത്തിൽ തന്നെ ധർമസങ്കടത്തിലായിക്കഴിഞ്ഞോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അറുപതുലക്ഷം ജൂതന്മാരെ കൂട്ടക്കൊല ചെയ്ത ഹോളോകോസ്റ്റിന്റെ കഥകളൊക്കെ മറന്ന് ഒരു സുപ്രഭാതത്തിൽ എങ്ങനെയാണു വർഗശത്രുക്കളുമായി സൗഹൃദത്തിലാവുക എന്ന ചിന്ത അവരുടെ നേതാക്കളെ വല്ലാതെ കുഴപ്പിക്കുന്നു.**



ഒബാമയുടെ കെയ്റോ പ്രഭാഷണം ടിവിയിൽ സശ്രദ്ധം വീക്ഷിക്കുന്ന ഒരു മുസ്ലീം കുടുംബം. (കൊൽക്കത്തയിൽ നിന്നുമുള്ള ദൃശ്യം).

## പ്രതീക്ഷയർപ്പിച്ച് സമാധാനപ്രിയർ

ഒട്ടേറെ ലോകനേതാക്കൾ ആശ്വാസവീർപ്പിടുന്നുണ്ട്. അഭിപ്രായഭിന്നതയുടെയും സംസ്കാരസംഘർഷങ്ങളുടെയും മരുഭൂമിയിൽ കരിഞ്ഞുപോകാത്ത സമാധാനത്തിന്റെ പുതിയൊരു ചെടി നട്ടുപിടിപ്പിക്കാനുള്ള സാഹസിക ശ്രമമാണല്ലോ ഒബാമ നടത്തുന്നത് എന്നോർത്ത്. ഇന്നല്ലെങ്കിൽ നാളെ ഈ ശ്രമങ്ങൾ ഫലമണിയുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ലോകസമാധാനത്തിന്റെ കാവൽദൂതനെപ്പോലെയാണ്, ഇസ്ലാം സംസ്കാരത്തിന്റെ ജീനുകൾ ഉള്ളിൽ വഹിക്കുന്ന ബറാക് ഹുസൈൻ ഒബാമ മധ്യപൂർവദേശരാഷ്ട്രങ്ങളിലെത്തിയത് എന്നതു ലോകത്തിനുതന്നെ പുതിയ പ്രതീക്ഷ നല്കുന്നു.

CYAN MAGENTA YELLOW BLACK

ചരിത്രം

റവ. ഡോ. മാത്യു ഡാനിയേൽ

# മിഷണറിമാരും വിദ്യാഭ്യാസ നവോത്ഥാനവും

**കുടുംബം പുലർത്താൻ വേണ്ടി പകൽ മുഴുവൻ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കു വേണ്ടി മിഷണറിമാർ സായംകാല പാഠശാലകൾ നടത്തിയിരുന്നതായി രേഖയുണ്ട്. അടിമക്കുട്ടികളെ സ്കൂളിൽ ചേർത്തു പഠിപ്പിക്കുന്ന അധ്യാപകന് മാസശമ്പളത്തിനു പുറമേ ആൺകുട്ടിയൊന്നിന് ഒരു പണവും പെൺകുട്ടിയൊന്നിന് ഒന്നരപ്പണവും വീതം നല്കാൻ വ്യവസ്ഥ ചെയ്യുക പോലും ചെയ്തു.**

## സ്ത്രീ വിദ്യാഭ്യാസം

മിഷണറിമാർ കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ സുപ്രധാന പരിഷ്കാരം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി സ്കൂളുകൾ സ്ഥാപിച്ചതായിരുന്നു. അക്കാലത്ത് നമ്മുടെ നാട്ടിലെ വനിതാ വിദ്യാഭ്യാസത്തിന്റെ നില സാമാന്യ സങ്കല്പത്തിൽ നിന്നു പോലും താഴെയായിരുന്നു.

പ്രാചീനകാലത്ത് – വിശേഷിച്ച് സംഘ കാലങ്ങളിൽ – സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സ്ഥാനമുണ്ടായിരുന്നുവെന്ന് സംഘ സാഹിത്യം സാക്ഷ്യപ്പെടുത്തുന്നു. ഉയർന്ന തോതിലുള്ള സ്ത്രീവിദ്യാഭ്യാസത്തിന്റെ ഫലമായി അവ്വയാരെപ്പോലെയുള്ള പ്രശസ്ത കവയിത്രികളും സംഘകാലത്ത് ഉണ്ടായിരുന്നു. എന്നാൽ മധ്യകാല കേരളത്തിൽ സ്ത്രീകൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. ഈ സ്ഥിതിക്ക് മാറ്റം വരുന്നത് മിഷണറിമാരുടെ പ്രവർത്തനഘട്ടത്തിലാണ്.

മിഷണറിമാരുടെ ഭാര്യമാരാണ് ഗേൾസ് സ്കൂളുകളുടെ ചുമതല വഹിച്ചിരുന്നത്. 1817ൽ മിസ്സിസ് മീഡ് പതിന്നാല് പെൺകുട്ടികളെ തേടിപ്പിടിച്ചു ഒരു വിദ്യാലയം ആരംഭിച്ചു. 1820ൽ ആലപ്പുഴയിൽ മിസ്സിസ് നോർട്ടനും 1822ൽ കോട്ടയത്ത് മിസ്സിസ് ബെയ്‌ലിയും സ്കൂളുകൾ ആരംഭിച്ചു. മിസ്സിസ് ബെയ്‌ലി സ്കൂൾ തുടങ്ങിയത് സ്വന്തം വീട്ടിലായിരുന്നു. മിസ്സിസ് ബേക്കർ 18 വിദ്യാർത്ഥിനികളുമായി മിഷൻ വീട്ടിൽ വിദ്യാലയം ആരംഭിച്ചു.

1837 ആയപ്പോൾ, പെൺകുട്ടികൾക്കായി 15 വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നു. അവയിൽ 361 വിദ്യാർത്ഥിനികളും. മാതൃഭാഷയിൽ ചരിത്രം, ഭൂമിശാസ്ത്രം, കണക്ക് എന്നിവയ്ക്കു പുറമേ, ഇംഗ്ലീഷും പാഠ്യപദ്ധതിയിലുണ്ടായിരുന്നു. മിഷണറിമാർ സ്ത്രീവിദ്യാഭ്യാസത്തിന്റെ മേന്മകൾ വിശദമാക്കിക്കൊണ്ടുള്ള ലഘുലേഖകൾ പ്രസിദ്ധീകരിച്ച് ജനങ്ങളെ ബോധവാന്മാരാക്കുവാൻ ശ്രമിച്ചു.

മിഷണറിമാരുടെ വനിതാവിദ്യാലയങ്ങളിൽ താമസവും ഭക്ഷണവും വസ്ത്രവും പുസ്തകവും സൗജന്യമായി നല്കിയിരുന്നു. ക്രമേണ കൂടുതൽ വിദ്യാർത്ഥിനികൾ വിദ്യാലയങ്ങളിലേക്ക് വന്നു തുടങ്ങി. 1901ലെ സെൻസസ് അനുസരിച്ച് തിരുവിതാംകൂർ, സ്ത്രീവിദ്യാഭ്യാസത്തിൽ ഇന്ത്യയിലെ സ്റ്റേറ്റുകളിൽ ഒന്നാമതായി. മിഷണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ സൃഷ്ടിച്ച പരിവർത്തനമായിരുന്നു ഇത്.

## നിന്ദിതർക്കും പീഡിതർക്കും ആശ്വാസം

സമൂഹത്തിന്റെ താണതലങ്ങളുമായി താദാത്മ്യം പ്രാപിച്ച മിഷണറിമാർ, നിന്ദിതരുടെയും പീഡിതരുടെയും അവശതകൾക്ക് പരിഹാരം തേടുന്നതിനുള്ള കർമപരിപാടികളിൽ വ്യാപൃതരായി. ഇത് ഏറെ പ്രതിഫലിച്ചത് വിദ്യാഭ്യാസ മേഖലയിലായിരുന്നു. തലമുറകളായി ചൂഷണത്തിന് വിധേയരായ അധ:സ്ഥിതർ അനുഭവിക്കുന്ന അവശതകൾക്ക് പരിഹാരം കാണുന്നതിന് മിഷണറിമാർ പ്രതിജ്ഞാബദ്ധരായിരുന്നു. 'വിദ്യാഭ്യാസത്തിലൂടെ വിമോചനം'–ഇതായിരുന്നു അവരുടെ ലക്ഷ്യം.

മിഷണറി വിദ്യാലയങ്ങളിൽ ജാതിവ്യവസ്ഥ അംഗീകരിച്ചിരുന്നില്ല. എല്ലാ ജാതിയിൽപെട്ടവർക്കും അവർ പ്രവേശനം നല്കി. ആദ്യമൊക്കെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട അധ:സ്ഥിതർ മാത്രമേ എത്തിയിരുന്നുള്ളു. തുടക്കത്തിൽ അവരിൽ മാത്രമേ മിഷണറിമാർക്ക് നേരിട്ടു സ്വാധീനം ചെലുത്താൻ ആകുമായിരുന്നുള്ളു.

അധ:സ്ഥിത സമൂഹത്തിൽ മിഷണറിമാരുടെ പ്രവർത്തനഫലമായി സാക്ഷരതയിൽ സംഭവിച്ച പുരോഗതി അത്ഭുതാവഹമായിരുന്നുവെന്ന് താഴെ കൊടുക്കുന്ന സ്ഥിതിവിവരക്കണക്ക് വ്യക്തമാക്കും.

**വിവിധ സമുദായങ്ങളും അവയുടെ സാക്ഷരതാ ശതമാനവും**

| | |
|---|---|
| ഹിന്ദു നാടാർ സമൂഹം | 10.5 |
| ക്രിസ്ത്യൻ നാടാർ | 30.5 |
| ഹിന്ദു ചേരമർ | 4.1 |
| ക്രിസ്ത്യൻ ചേരമർ | 13.1 |
| ഹിന്ദു സാംബവർ | 4.9 |
| ക്രിസ്ത്യൻ സാംബവർ | 15.7 |
| ഹിന്ദു കുറവർ | 1.5 |
| ക്രിസ്ത്യൻ കുറവർ | 9.7 |

ചിലയിടങ്ങളിൽ താഴ്ന്ന ജാതിയിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യലയത്തിൽ സവർണ ഹിന്ദുക്കൾ കുട്ടികളെ അയയ്ക്കാൻ മടി കാട്ടി. ഈ പ്രശ്നം പരിഹരിക്കുവാൻ വേണ്ടി ഉചിതമെന്ന് തോന്നിയ ഇടങ്ങളിൽ വെവ്വേറേ വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനും മിഷണറിമാർ മടിച്ചില്ല. 'അടിമസ്കൂളുകൾ' എന്നു പോലും ഇത്തരം വിദ്യാലയങ്ങൾ അറിയപ്പെട്ടു.

1852–ൽ അടിമകളുടെ വിദ്യാഭ്യാസത്തിനു വേണ്ടി മല്ലപ്പള്ളിക്കടുത്ത് കൈപ്പക എന്ന സ്ഥലത്ത് ആദ്യത്തെ 'അടിമസ്കൂൾ' സ്ഥാപിച്ചു. ഹോക്സ് വർത്ത് എന്ന പാതിരിയും റവ. ജോർജ് മാരൺ എന്ന നാട്ടുപട്ടക്കാരനുമായിരുന്നു സ്ഥാപകർ. സവർണരായ ജൻമിമാർ ആ വിദ്യാലയം തീവച്ചു നശിപ്പിച്ചു. അവർ ഷെഡ്ഡ് കെട്ടി വീണ്ടും വിദ്യാലയം ആരംഭിച്ചു. റവ. തോമസ് നോർട്ടൻ ആലപ്പുഴയിൽ ഒരു അടിമസ്കൂൾ സ്ഥാപിച്ചു. അടിമത്ത സമ്പ്രദായം നിരോധിക്കുന്നതിനു പോലും മിഷണറിമാരുടെ പ്രവർത്തനം വഴിതെളിച്ചു.



*ഹെൻറി ബേക്കർ ജൂനിയർ*

## മേലുകാവ് മലകളിൽ വിദ്യയുടെ പൊൻവെളിച്ചം

മേലുകാവ് മലകളിൽ വിദ്യയുടെ വെളിച്ചം കൊളുത്തിയതും മിഷണറിമാരാണ്. ഹെൻറി ബേക്കർ ജൂനിയറായിരുന്നു വിദ്യയുടെ വെളിച്ചവുമായി മേലുകാവിലെത്തിയത്. അതീവ ദുർഘടമായ കാട്ടുവഴികളിലൂടെ അനേകം മൈൽ കുതിരപ്പുറത്ത് സഞ്ചരിച്ച് 1849ൽ അദ്ദേഹം മലമടക്കുകളിലെത്തി. മുണ്ടക്കയത്ത് മരത്തിനു മുകളിൽ മാടംകെട്ടി താമസിച്ചു. അവിടെ ഒരു സ്കൂൾ ആരംഭിച്ചു. മേലുകാവിലെ ആദിവാസികളെ പരിഷ്കൃതലോകത്തിന്റെ ഭാഗമാക്കിയത് മിഷനറിമാരുടെ വിദ്യാദാനമാണ്.

കുടുംബം പുലർത്താൻ വേണ്ടി പകൽ മുഴുവൻ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കു വേണ്ടി മിഷണറിമാർ സായംകാല പാഠശാലകൾ നടത്തിയിരുന്നതായി രേഖയുണ്ട്. അടിമക്കുട്ടികളെ സ്കൂളിൽ ചേർത്തു പഠിപ്പിക്കുന്ന അധ്യാപകന് മാസശമ്പളത്തിനു പുറമേ ആൺകുട്ടിയൊന്നിന് ഒരു പണവും പെൺകുട്ടിയൊന്നിന് ഒന്നരപ്പണവും വീതം നല്കാൻ വ്യവസ്ഥ ചെയ്യുക പോലും ചെയ്തു.

## സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മാർഗദർശികൾ

മിഷണറിമാരുടെ ശ്രദ്ധ പതിഞ്ഞ മറ്റൊരു മേഖലയായിരുന്നു, സാങ്കേതിക വിദ്യാഭ്യാസം. 1819ൽ മിസ്സിസ് മീഡ് നാഗർകോവിലിൽ പെൺകുട്ടികൾക്കായി ആരംഭിച്ച ബോർഡിംഗ് സ്കൂളാണ്, കേരളത്തിലെ ആദ്യത്തെ സാങ്കേതിക വിദ്യാലയം. തയ്യൽ, നൂൽ നൂല്പ്, എംബ്രോയിഡറി തുടങ്ങിയവയിലായിരുന്നു അവിടെ പരിശീലനം നല്കിയിരുന്നത്.

റവ. മീഡ് നാഗർകോവിലിൽ ഒരു വ്യാവസായിക വിദ്യാലയം സ്ഥാപിച്ചു (1820). അച്ചടി, ബുക്ക് ബയന്റിംഗ്, തുകൽ സംസ്കരണം തുടങ്ങിയവയാണ് അവിടെ പരിശീലിപ്പിച്ചിരുന്നത്. നെല്ലൂരിലെ ആശുപത്രിയോടനുബന്ധിച്ചു ഒരു മെഡിക്കൽ സ്കൂളും നടത്തുന്നുണ്ടായിരുന്നു. അഞ്ച് വർഷം ദീർഘിക്കുന്ന ചികിത്സാസംബന്ധമായ പരിശീലനമാണ് അവിടെ നല്കിയിരുന്നത്. സി.എം.എസ് മിഷണറിമാർ കോട്ടയത്ത് ആരംഭിച്ച ഇൻഡസ്ട്രിയൽ സ്കൂളും, തലശ്ശേരിയിലെ വീവിംഗ് സ്കൂളും ആദ്യകാല സാങ്കേതികവിദ്യാലയങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

## ആധുനിക ശാസ്ത്രപഠനം

മലയാളിയുടെ കണ്ണുകൾക്കു മുമ്പിൽ വിജ്ഞാനത്തിന്റെ പുതിയ മേഖലകൾ തുറന്നു നല്കിയെന്നത് മിഷണറിമാരുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ മികവുറ്റ സംഭാവനയാണ്. ശാസ്ത്രാവബോധമുള്ളവരായിരുന്നു മിഷണറിമാർ. ഭാഷയും പ്രാചീന കാവ്യങ്ങളും ഹൃദിസ്ഥമാക്കുന്നതിൽ ഒതുങ്ങിനിന്ന അന്നത്തെ വിദ്യാഭ്യാസക്രമം തിരുത്തികുറിക്കുകയും ആധുനിക ശാസ്ത്രത്തിന്റെ അനന്തമായ മേഖലകൾ അനാവരണം ചെയ്യുകയും ചെയ്തു. ശാസ്ത്രവിഷയങ്ങൾ മലയാളത്തിൽ അവതരിപ്പിക്കുന്നതിനും അവർ ആത്മാർത്ഥമായി ശ്രമിച്ചു.

**മിഷണറിമാരുടെ കാലത്തെ ശാസ്ത്രപാഠങ്ങളുടെ ചില ശീർഷകങ്ങൾ**

അന്തരീക്ഷം
(The Atmosphere).

ആകാശത്തുള്ള ഗോളങ്ങൾ
(The Heavenly Bodies).

ഭൂമി ഉരുണ്ടതാകുന്നു എന്നുള്ളത്
(The World's Rotindity).

ഇരുമ്പു പാതയുടെയും
ആവി വണ്ടിയുടെയും ആരംഭം
(The Railways).

വിദ്യുത്താരയന്ത്ര പ്രമാണം
(The Electric Telegraph).

'Chemistry', 'രസവാദശാസ്ത്രം' എന്ന പേരിൽ പരിഭാഷപ്പെടുത്തി, ഓരോ അധ്യായവും 'വിദ്യാസംഗ്രഹ'ത്തിൽ പ്രസിദ്ധീകരിച്ചു. ശാസ്ത്രസാങ്കേതിക പദങ്ങൾക്ക് മിഷണറിമാർ നല്കിയ തർജമ ഇന്നും പ്രസക്തമാണ്. ഏതു വിഷയവും ലളിതസുന്ദരമായി പ്രതിപാദിക്കുവാൻ അവർ സവിശേഷശ്രദ്ധ പുലർത്തിയിരുന്നു.

വിദ്യാഭ്യാസ പദ്ധതിയുടെ ഉള്ളടകത്തെ മാറ്റിമറിച്ച മിഷണറിമാർ പരീക്ഷാസമ്പ്രദായവും നവീകരിച്ചു. സി.എം.എസ് കോളജിൽ ഓരോ വിഷയത്തിനും എഴുത്തു പരീക്ഷയോടൊപ്പം വാചാ പരീക്ഷയും (Viva Voice) നടത്തിയിരുന്നു. രണ്ടിന്റെയും മാർക്ക് കൂട്ടിയാണ് വിജയം നിശ്ചയിച്ചിരുന്നത്. കേംബ്രിഡ്ജ് സർവകലാശാലയുടെ പരീക്ഷാസമ്പ്രദായമായിരുന്നത്രെ, ഇതിന് മാതൃക.

*(തുടരും)*

CYAN MAGENTA YELLOW BLACK

നാരദൻ

# പതിമൂന്നാം പേജ്

# മൊഴിയും മറുമൊഴിയും

## വീരനു പറ്റിയ പറ്റ്!



യഥാർത്ഥമായതെന്ത്, ഏത് എന്നറിയാതെ കുഴങ്ങി വിഷമിക്കുവാൻ പോന്ന എന്തൊക്കെ കാര്യങ്ങളാണു പടച്ചവൻ നമ്മുടെ മുമ്പിൽ കുന്നുകൂട്ടിയിട്ടിരിക്കുന്നത്! പലതിന്റെയും സത്യം ഗ്രഹിച്ചുവരുമ്പോഴേക്കും കാര്യം കഴിഞ്ഞിരിക്കും.

എന്നാൽ, ഒരു കാര്യം അറിഞ്ഞോളൂ-യഥാർത്ഥ ജനതാദൾ കേരളത്തിലിനി നമ്മുടെ മാത്യു ടി. തോമസിന്റെയും കൂട്ടരുടെയും വകയാണ്. പറയുന്നത് പാർട്ടിയുടെ ദേശീയ സെക്രട്ടറി ഡാനിഷ് അലി. വീരേന്ദ്രകുമാറും പിള്ളേരും ഇക്കൂട്ടത്തിൽ പെടില്ലത്രെ!

ഇനിയെന്തു ചെയ്യും? ഇത്രനാളും നാം കേട്ടിരുന്നത് പാർട്ടിയുടെ കേരളത്തിലെ കാര്യങ്ങൾ ഏല്പിച്ചിരിക്കുന്നതു എം.പി.വീരേന്ദ്രകുമാർ എന്ന വീരനെ എന്നായിരുന്നു. അദ്ദേഹമതു ഭംഗിയായി നിർവഹിച്ചില്ലെന്നു പറഞ്ഞുകൂടാ. പാർട്ടിക്കു സീറ്റു നിഷേധിച്ച സിപിഎമ്മിനെ മൂലയ്ക്കിരുത്താൻ യുഡിഎഫ് പ്രവർത്തകർക്കൊപ്പം വീരനും കൂട്ടുകാരും ആഞ്ഞുപൊരുതി. ഫലം കാണുകയും ചെയ്തു.

സന്തോഷകരമായ ഈ വേളയിൽ ഡാനിഷ് അലി എന്ന സെക്രട്ടറി ജനറൽ കണ്ണിൽചോരയില്ലാതെ ചെയ്ത ഈ നടപടി അല്പം ക്രൂരമായിപ്പോയി. കേരളത്തിലെ കാര്യം വീരേന്ദ്രകുമാർ തീരുമാനിക്കുമെന്നു പറഞ്ഞിരുന്ന ഗൗഡാജി, മാത്യുവിന്റെയും തെറ്റയിലിന്റെയും വാചകത്തിൽ വീണുവെന്നു പറഞ്ഞാൽ മതിയല്ലൊ.

ഇടതുമുന്നണി ചവിട്ടിപുറത്താക്കിയെന്നായിരുന്നു വീരന്റെ പരാതി. അതുതന്നെ സ്വന്തം പാർട്ടിയും ചെയ്തിരിക്കുന്നു! കഷ്ടമെന്നല്ലാതെ എന്തു പറയാൻ!

അങ്ങനെ മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീ ആയെന്നു പറഞ്ഞപോലെ ജനതാദൾ വീണ്ടും ഇടതുമുന്നണിയിലായെന്നു പറയാം. വീരൻ പുതിയ പാർട്ടിയുണ്ടാക്കിയാൽ ഉമ്മൻചാണ്ടിയും രമേശും ഒരു കൈ സഹായിക്കുമെന്നു കരുതാം. ഒരു കാര്യമുണ്ട്. കൊടിയ മനോവേദനയിൽ കഴിയുന്ന പിണറായി വിജയന് ഈയവസ്ഥയിൽ വീരനെ ഓർത്ത് പറ്റുമെങ്കിൽ ഒന്നൂറിച്ചിരിക്കാം! ❑

## മിമിക്രിക്കാരനെ ആവശ്യമുണ്ട്!

മൊത്തം പ്രശ്നമാണ്. മുഖ്യമന്ത്രിയെ വിശ്വാസമില്ലാത്ത മന്ത്രിമാർ. മന്ത്രിമാരുടെ പ്രസ്താവനാവാവലുകളെ ഒറ്റവെടിക്കുപറപ്പിക്കുന്ന മുഖ്യമന്ത്രി. മുഖ്യമന്ത്രിയെ മാറ്റണോ പാർട്ടി സെക്രട്ടറിയെ മാറ്റണോ എന്നറിയാതെ നീറിനീറിക്കഴിയുന്ന ഇന്ത്യൻ കമ്യൂണിസ്റ്റു മാർക്സിസ്റ്റു നേതൃത്വം. പത്രക്കാരുടെ മുമ്പിൽ നിന്നും പയ്യെപ്പയ്യെ ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്ന പാർട്ടി സെക്രട്ടറി. മാധ്യമക്കാരുടെ മുമ്പിൽ ഏതുതരം ചിരി ചിരിക്കാനും തയ്യാറായി നില്ക്കുന്ന മുഖ്യമന്ത്രി!

ഇതിനിടയിൽ പച്ചക്കള്ളമേത്, നഗ്നസത്യമേത് എന്നറിയാതെ പാവം പൊതുജനം കുഴങ്ങിനില്ക്കുകയാണ്. ചിരിക്കാനും കരയാനും വയ്യാത്ത അവസ്ഥ. ചിരിച്ചാൽത്തന്നെ അത് എങ്ങനെയുള്ള ചിരിയായിത്തീരുമെന്നു പറയാൻ വയ്യ. നമ്മുടെ സാംസ്കാരികനായകൻ സുകുമാർ അഴീക്കോടിനിഷ്ടപ്പെട്ടില്ലെങ്കിൽ ഒരു കുഞ്ഞുചിരിപോലും വലിയ പ്രശ്നമായിത്തീരാനിടയുണ്ട്. എന്തു ചെയ്യാം, പാവം കേരളീയന് ഒന്നുറക്കെ ചിരിക്കാൻപോലും സാധ്യമല്ലാതായിരിക്കുന്നു.

ഏതായാലും അഴീക്കോട്-അച്യുതാനന്ദൻ വിവാദം അവസാനിച്ച മട്ടാണ്. മുഖ്യമന്ത്രി ചിരിച്ച ഒരു ചിരിയായിരുന്നു പ്രശ്നം. അതു വഞ്ചനയാണെന്നും അശ്ലീലമാണെന്നും കൂട്ടിൽ കാഷ്ഠിക്കുന്ന ജീവിയുടെ പണിയാണെന്നുമൊക്കെ അഴീക്കോടു പറഞ്ഞുകളഞ്ഞു. ഇതിനൊക്കെ മറുപടി പറയാൻ സംസ്കാരം അനുവദിക്കുന്നില്ലെന്നാണ് അച്യുതാനന്ദൻ മറുപടി പറഞ്ഞത്. രണ്ടുപേരുടെയും സംസ്കാരം നന്നായറിയാവുന്ന ജനത്തിനു പിന്നെയും ചിരിവന്നു.

അവസാനം നല്ലവനായ ഒരു മിമിക്രിക്കാരൻ വേണ്ടിവന്നു, ഈ മലീമസമായ അന്തരീക്ഷത്തിൽനിന്നു കേരളത്തെ രക്ഷിക്കാൻ. അച്യുതാനന്ദന്റെ സ്വരത്തിൽ സംസാരിച്ച്, ഈ വിവാദം അവസാനിപ്പിക്കാൻ താൻ ആഗ്രഹിക്കുന്നതായി അഴീക്കോടിനെ മിമിക്രിതാരം അറിയിച്ചപ്പോൾ അങ്ങേർക്കു സമാധാനമായെന്നു പറഞ്ഞാൽ മതിയല്ലൊ. താൻ ഇങ്ങനെയൊരു വിളിനോക്കിയിരിക്കയായിരുന്നത്രെ! പക്ഷേ, താൻ ഒരുത്തനെയും വിളിച്ചിട്ടില്ലെന്ന് അച്യുതാനന്ദൻ അറിയിച്ചപ്പോൾ വീണ്ടും ജനത്തിനു ചിരിക്കാതെ വയ്യെന്നായി. വിളിച്ചവനെ തപ്പി സർക്കാരും പോലീസും നടപ്പുണ്ടെങ്കിലും പ്രശ്നം ഏതാണ്ടുതീർന്ന മട്ടാണ്.

കേരളത്തിൽ ഇപ്പോൾ ഉരുണ്ടുകൂടിയിരിക്കുന്ന പുതിയ പ്രശ്നവും ഈ രീതിയിൽ മംഗളകരമായി പര്യവസാനിപ്പിക്കാൻ കഴിയുമോ എന്നു നേതാക്കൾ ആലോചിക്കണം. പിണറായിയെയും പ്രകാശ് കാരാട്ടിനെയുമൊക്കെ സമർത്ഥമായി അനുകരിക്കാൻ കഴിവുള്ളവർ നാട്ടിലുണ്ട്. അച്യുതാനന്ദന്മാർ ഇഷ്ടംപോലെ. ഇതൊന്നുമല്ല തമാശ. ഇക്കണ്ട ഉപദേശമെല്ലാം കഴിഞ്ഞ് ഈയിടെ നമ്മുടെ "സുപ്പീരിയർ അഡൈ്വസർ" സുകുമാർ അഴീക്കോടു പറഞ്ഞത് തന്റെ എഴുത്തും പറച്ചിലും പകുതി തമാശയാണെന്നാണ്.

എന്തൊരു തമാശ! ഏതായാലും കൂടുതലുതമാശ വേണ്ടായെന്നാണു ജനത്തിനു പറയാനുള്ളത്. അതറിയാവുന്ന നല്ല മിമിക്രിക്കാരു വേറെയുണ്ട്. കേരളത്തിനും മാർക്സിസ്റ്റുപാർട്ടിക്കും ഇപ്പോൾ അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നത് "സുപ്പീരിയർ അഡൈ്വസറെ"യല്ല, നല്ലൊരു മിമിക്രിത്താരത്തെയാണ്!



## ചാണക്യൻ

ഭരണഘടനാപരമായ ബാധ്യത നിറവേറ്റിയ ഗവർണർക്കെതിരെ സിപിഎം നടത്തുന്ന പ്രാകൃതമായ പ്രചാരണത്തിന് മുഖ്യമന്ത്രിയുടെ പ്രസ്താവനയോടെ കാറ്റുപോയെന്നു പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി.

➢ **എങ്ങനെയായാലും മുഖ്യമന്ത്രിക്കു നല്ല കാറ്റു കിട്ടുന്നുണ്ട്.**

* * * * *

ന്യൂനപക്ഷവിഭാഗങ്ങൾക്കെതിരെ വാളെടുത്തശേഷം വിദ്യാഭ്യാസവകുപ്പ് വീണ്ടും കീഴടങ്ങി.

*- പത്രറിപ്പോർട്ട്*

➢ **ഉപകാരമില്ലാത്ത ഈ വാൾ ഇനി പാർട്ടിയാഷീസിലേക്കു മാറ്റുകയായിരിക്കും ബുദ്ധി.**

* * * * *

സർക്കാരിനെ ഗവർണർ ഇരുട്ടത്തുനിർത്തിയെന്നു കോടിയേരി ബാലകൃഷ്ണൻ.

➢ **പക്ഷേ, ഗവർണർ വന്നു ലൈറ്റിട്ടപ്പോഴാണ് ഇത്രനേരവും ഇരുട്ടിലായിരുന്നുവെന്നു ഗവൺമെണ്ടിനു ബോധ്യമായതെന്നതു വേറെ കാര്യം.**

* * * * *

എസ്.എഫ്.ഐയിൽ സാമൂഹികവിരുദ്ധരില്ലെന്നു പറയുന്നില്ലെന്നു മന്ത്രി സുധാകരൻ.

➢ **ഈ മാതൃകാ ഉത്തരത്തെ അടിസ്ഥാനമാക്കി ഡിവൈഎഫ്ഐ, സിഐടിയു, സിപിഎം എന്നീ പദങ്ങളെടുത്തും ഇതുപോലെ വാക്യത്തിൽ പ്രയോഗിക്കാവുന്നതാണ്.**

* * * * *

ഗവർണറുടെ നടപടിയെ തെരുവിൽ ചോദ്യം ചെയ്യുന്നതു തെറ്റെന്നു ജോസഫ് ഗ്രൂപ്പ്.

➢ **അല്ലെങ്കിൽതന്നെ തെരഞ്ഞെടുപ്പുഫലത്തിന്റെ ക്ഷീണവും നാണവുമൊക്കെ മാറുന്നതിനുമുമ്പേ തെരുവിലിറങ്ങുകയെന്നൊക്കെ പറഞ്ഞാൽ...?**

* * * * *

സർ സി.പി രാമസ്വാമിയുടെ മൂക്കു ചെത്തിയവരുടെ പിൻമുറക്കാരാണു തങ്ങളെന്നു സഹകരണ മന്ത്രി ജി.സുധാകരൻ

➢ **മൂക്കു ചെത്താനെളുപ്പമാണ്. പക്ഷേ, പറയുന്നതുകേട്ടാൽ മൂക്കിൽ കേറ്റുമെന്നു തോന്നും.**

* * * * *

മൂന്നു സംസ്ഥാനങ്ങളുടെ നോട്ടപ്പുള്ളിയായ നക്സൽ നേതാവ് എംപിയായി സത്യപ്രതിജ്ഞ ചെയ്തു

*- പത്രവാർത്ത*

➢ **എംപിയായ സ്ഥിതിക്ക് കുറച്ചുകൂടി നല്ല നോട്ടപ്പുള്ളിയായി മറ്റു സംസ്ഥാനങ്ങളെയും കീഴടക്കുമെന്നു കരുതാം.**

* * * * *

സിപിഎമ്മിൽ പ്രതിസന്ധിയുണ്ട്; പക്ഷേ പൊട്ടിത്തെറിയില്ലെന്ന് മന്ത്രി എം.എ.ബേബി.

➢ **ഇനി ആകെ ഒരു സാധ്യതയുള്ളതു പൊട്ടിക്കരച്ചിലിനാണ്.**

CYAN MAGENTA YELLOW BLACK

അനുസ്മരണം

പ്രിൻസ് രാജ്

# ഡോ. ശ്യാമപ്രസാദ് മുഖർജി (1901-1953)



**1951 ഒക്ടോബർ അഞ്ചിന് ഭാരതീയ ജനസംഘത്തിന് ഡൽഹിയിൽ രൂപംനല്കി. 1952ലെ പൊതുതെരഞ്ഞെടുപ്പിൽ കൊൽക്കത്തയിൽ നിന്ന് മുഖർജി വിജയിച്ചു. ജനസംഘം ശൈശവാവസ്ഥയിലായിരുന്നിട്ടുകൂടി അക്കാലത്ത് മൂന്ന് പാർലമെണ്ട് സീറ്റിലും 33 അസംബ്ലി സീറ്റിലും വിജയം നേടുവാനായത് ശ്യാമപ്രസാദ് മുഖർജി എന്ന രാഷ്ട്രീയനേതാവിന്റെ, രാഷ്ട്രീയത്തിനതീതമായ ജനങ്ങളുടെ മനസ്സിലെ സ്ഥാനം വ്യക്തമാക്കുന്നു.**

കേന്ദ്ര ക്യാബിനറ്റിൽ നിന്നും രാജിവയ്ക്കുന്ന സ്വതന്ത്രഭാരതത്തിലെ ആദ്യമന്ത്രി, ഭാരതീയ ജനസംഘത്തിന്റെ സ്ഥാപകൻ, അഭിഭാഷകൻ, വിദ്യാഭ്യാസ വിചക്ഷണൻ, അതിനെല്ലാം ഉപരിയായി തികച്ചും ജനകീയനായ നേതാവ് എന്ന നിലയിൽ, അഞ്ച് പതിറ്റാണ്ടുകൾക്കു ശേഷവും മാതൃകാ വ്യക്തിത്വമായി ആദരിക്കപ്പെടുകയും സ്മരിക്കപ്പെടുകയും ചെയ്യുന്ന നേതാവാണ് ശ്യാമപ്രസാദ് മുഖർജി.

തത്ത്വാധിഷ്ഠിതമായ രാഷ്ട്രീയജീവിതത്തിന്റെ പ്രതീകമായി നിലനില്ക്കുന്ന അദ്ദേഹത്തിന്റെ സ്മരണകൾ ഇന്ത്യൻ രാഷ്ട്രീയത്തിന് ഉന്മേഷദായകമാണ്. ജനാധിപത്യത്തെ അംഗീകരിച്ചും, ജനങ്ങളാണ് ആ വ്യവസ്ഥയിൽ യഥാർത്ഥ യജമാനന്മാരെന്ന് മനസ്സിലാക്കിയും അവരെ സ്വാർത്ഥമോഹങ്ങൾക്കതീതമായി സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഒരു പൊതുപ്രവർത്തകന്റെ കർത്തവ്യമെന്നു സ്വജീവിതംകൊണ്ട് സാക്ഷ്യപ്പെടുത്തിയ അദ്ദേഹത്തിന്റെ ദീപ്ത സ്മരണയ്ക്ക് ജൂൺ 23-ാം തീയതി 56 വയസ്സു തികയും.

കൊൽക്കത്തയിൽ 1901 ജൂലൈ ആറിനാണ് ശ്യാമപ്രസാദ് ജനിച്ചത്. കൊൽക്കത്ത സർവകലാശാലയിലെ ഇന്ത്യക്കാരനായ ആദ്യ വൈസ് ചാൻസലർ ആശുതോഷ് മുഖർജിയാണ് പിതാവ്. യോഗമയിദേവി മാതാവും.

കൊൽക്കത്ത മിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മെട്രിക്കുലേഷൻ പാസ്സായി. പ്രസിഡൻസി കോളജിൽ നിന്ന് ബിഎയും കൊൽക്കത്ത സർവകലാശാലയിൽ നിന്ന് ഒന്നാം റാങ്കോടുകൂടി എം.എയും വിജയിച്ചു.

1922ൽ സുധാദേവിയെ വിവാഹം കഴിച്ചു. അനുതോഷ്, ദേവതോഷ്, ആരതി, സവിത എന്നിവരാണ് മക്കൾ. അതിനുശേഷം ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ പഠനം പൂർത്തിയാക്കി.

●●●

**ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ വിഭജിക്കണമെന്നും ഭരണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇത് അനിവാര്യമാണെന്നും ആദ്യമായി പാർലമെണ്ടിൽ ആവശ്യം ഉന്നയിച്ചത് മുഖർജിയായിരുന്നു. അദ്ദേഹത്തിന്റെ നിർദേശം വസ്തുനിഷ്ഠവും സദുദ്ദേശത്തോടുകൂടിയതുമായിരുന്നു എന്ന് കാലം തെളിയിച്ചു.**

●●●

## *രാഷ്ട്രീയപ്രവേശം*

1927ൽ കൊൽക്കത്ത ഹൈക്കോടതിയിൽ പ്രാക്ടീസാരംഭിച്ചു. വിദ്യാർത്ഥി നേതാവായി പ്രവർത്തിച്ച ശ്യാമപ്രസാദ്, സർവകലാശാലാ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1929ൽ ബംഗാൾ ലെജിസ്ലേറ്റീവ് കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. 1934ൽ കൊൽക്കത്താ സർവകലാശാലയുടെ വൈസ് ചാൻസലറായി.

എന്നാൽ ആർ.എസ്.എസ്. സ്ഥാപകൻ കേശവ്റാവു ഹെഡ്ഗേവാർ, അന്നത്തെ പ്രബലപ്രസ്ഥാനമായിരുന്ന ഹിന്ദു മഹാസഭയുടെ നേതാവ് വീർ സവർക്കർ എന്നിവരുമായുള്ള കണ്ടുമുട്ടൽ ശ്യാമപ്രസാദ് മുഖർജിയുടെ രാഷ്ട്രീയജീവിതത്തിൽ വഴിത്തിരിവു സൃഷ്ടിച്ചു. ഹിന്ദുമഹാസഭയിൽ മുഖർജി അംഗമാവുകയും പിന്നീട് അതിന്റെ ദേശീയ പ്രസിഡണ്ടായി ഉയരുകയും ചെയ്തു. 1941ൽ ബംഗാൾ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായി.

1942ൽ ഹിന്ദുമഹാസഭ സംഘടിപ്പിച്ച സമ്മേളനത്തിൽ ബ്രിട്ടീഷ് അധികാരികളുടെ മുന്നറിയിപ്പിനെ അവഗണിച്ച് പങ്കെടുക്കുകയും അറസ്റ്റുവരിക്കുകയും ചെയ്തു. ആ വർഷം തന്നെ മന്ത്രിസഭാംഗത്വം രാജിവച്ചു. മുപ്പത്തഞ്ചുലക്ഷത്തോളം ജനങ്ങളുടെ ജീവൻ അപഹരിച്ച, രാജ്യത്തെ ഏറ്റവും വലിയ ദുരന്തമായ ബംഗാൾ ക്ഷാമകാലത്ത് നാടുനീളെ സഞ്ചരിച്ച് ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. ബ്രിട്ടീഷ് ഭരണകൂടത്തിനെ വെല്ലുവിളിച്ചുകൊണ്ട് മുഖർജി എഴുതിയ ലേഖനങ്ങളിലൂടെയാണ് ആ വൻ ദുരന്തം രാജ്യത്തിന്റെ മറ്റുഭാഗങ്ങളിലെ ജനങ്ങൾ അറിഞ്ഞത്.

## *ദേശീയരാഷ്ട്രീയത്തിലേക്ക്*

1946ൽ ഭരണഘടനാ നിർമാണസഭയിൽ മുഖർജി അംഗമായി. ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ നിലവിൽവന്ന ഇടക്കാല മന്ത്രിസഭയിൽ രാജ്യത്തിന്റെ ആദ്യ വ്യവസായമന്ത്രിയായി. നവീനഭാരതത്തിന്റെ സൃഷ്ടിക്ക് മാർഗദർശനവും പ്രചോദനവും നല്കി, ഒട്ടനവധി സംരംഭങ്ങൾക്ക് നാന്ദി കുറിക്കുവാൻ അദ്ദേഹത്തിനായി. ധിഷണശാലിയായ ഒരു ഭരണാധികാരിയെക്കൂടി അദ്ദേഹത്തിൽ ദർശിക്കുവാൻ ഇന്ത്യൻ ജനതയ്ക്കായി.

ചിത്തരഞ്ജൻ ട്രെയിൻ ബോഗി ഫാക്ടറി, ഹിന്ദുസ്ഥാൻ എയർക്രാഫ്റ്റ് ഫാക്ടറി, സിന്ധ്രിയിലെ വളം നിർമാണശാല തുടങ്ങിയവയെല്ലാം അദ്ദേഹം മുൻകൈയെടുത്ത് സ്ഥാപിച്ചവയാണ്. കാശ്മീരിനെ സംബന്ധിച്ച് പാകിസ്ഥാൻ പ്രധാനമന്ത്രിയായിരുന്ന ലിയാക്കത്ത് അലിഖാനുമായി നെഹ്റു ഒപ്പിട്ട കരാറിൽ പ്രതിഷേധിച്ച് 1950 ഏപ്രിൽ ആറിന് ക്യാബിനറ്റിൽ നിന്നും മുഖർജി രാജിവച്ചു. തുടർന്ന് ഹിന്ദുമഹാസഭയുടെ നേതാവെന്ന നിലയിൽ സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായ മുഖർജി, പിന്നീട് അതിൽനിന്നും അകന്നു.

1951 ഒക്ടോബർ അഞ്ചിന് ഭാരതീയ ജനസംഘത്തിന് ഡൽഹിയിൽ രൂപംനല്കി. 1952ലെ പൊതുതെരഞ്ഞെടുപ്പിൽ കൊൽക്കത്തയിൽ നിന്ന് മുഖർജി വിജയിച്ചു. ജനസംഘം ശൈശവാവസ്ഥയിലായിരുന്നിട്ടുകൂടി അക്കാലത്ത് മൂന്ന് പാർലമെണ്ട് സീറ്റിലും 33 അസംബ്ലി സീറ്റിലും വിജയം നേടുവാനായത് ശ്യാമപ്രസാദ് മുഖർജി എന്ന രാഷ്ട്രീയനേതാവിന്റെ, രാഷ്ട്രീയത്തിനതീതമായ ജനപ്രീതി വ്യക്തമാക്കുന്നു.

ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ വിഭജിക്കണമെന്നും ഭരണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇത് അനിവാര്യമാണെന്നും ആദ്യമായി പാർലമെണ്ടിൽ ആവശ്യം ഉന്നയിച്ചത് മുഖർജിയായിരുന്നു. അദ്ദേഹത്തിന്റെ നിർദേശം വസ്തുനിഷ്ഠവും സദുദ്ദേശത്തോടുകൂടിയതുമായിരുന്നു എന്ന് കാലം തെളിയിച്ചു.

## *കാശ്മീരിലെ രക്തസാക്ഷിത്വം*

ഇന്ത്യൻ ദേശീയതയെ തന്നെ പിടിച്ചുകുലുക്കിയ നിലയിൽ കാശ്മീർ പ്രശ്നം പുകഞ്ഞുകൊണ്ടിരുന്നതിനാൽ വീണ്ടും അതു മുഖ്യധാരാവിഷയമായി ഉയർന്നുവന്നു. നിരന്തരം കേന്ദ്രസർക്കാരിനെതിരായ പ്രസ്താവനകളും സമ്മേളനങ്ങളും കൊണ്ട് ദേശീയ രാഷ്ട്രീയരംഗം ശബ്ദായമാനമായി.

കേന്ദ്രസർക്കാർ മുഖർജിയെ അറസ്റ്റു ചെയ്തെങ്കിലും കോടതിവിധിയെ തുടർന്ന് അദ്ദേഹം മോചിതനായി. ജനപ്രതിനിധികൾക്കും രാഷ്ട്രീയ നേതാക്കൾക്കും കാശ്മീരിൽ പ്രവേശിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണത്തിനെതിരെ ആയിരുന്നു മുഖർജിയുടെ നേതൃത്വത്തിൽ ജനസംഘത്തിന്റെ പ്രക്ഷോഭം.

കാശ്മീരിലേക്കുള്ള പ്രവേശന നിയന്ത്രണത്തെ തൃണവത്ഗണിച്ച്, പില്ക്കാലത്ത് ഇന്ത്യയുടെ പ്രധാനമന്ത്രിയായിത്തീർന്ന എ.ബി.വാജ്പേയി ഉൾപ്പെടെയുള്ള ജനസംഘം നേതാക്കളോടൊപ്പം കാശ്മീരിലേക്ക്, അദ്ദേഹം യാത്ര തിരിച്ചു.

കാശ്മീരിൽ പ്രവേശിച്ച മുഖർജിയെ രാജ്യരക്ഷാനിയമം ലംഘിച്ചതായി ആരോപിച്ച് അറസ്റ്റുചെയ്തു. ആവശ്യത്തിന് ചികിത്സയോ പരിചരണമോ ലഭിക്കാതെ നാല്പതു ദിവസങ്ങൾക്കുശേഷം 1953 ജൂൺ 23ന് തടവറയിൽവച്ച് കർമധീരനായ ആ ജനകീയ പോരാളി അന്ത്യനിദ്രയിലാണ്ടു. ✪

CYAN MAGENTA YELLOW BLACK



പുനരാഖ്യാനം

**മഹാഭാരതം -23**

**സവ്യസാചി**

# അഞ്ചുബ്രാഹ്മണകുമാരന്മാരും അമ്മയും പാഞ്ചാല രാജധാനിയിൽ

അങ്ങനെയിരിക്കെ ഒരു ദിവസം ഏതാനും ബ്രാഹ്മണർ ഏകചക്രയിലെത്തി. പാണ്ഡവർ വേഷപ്രച്ഛന്നരായി താമസിക്കുന്ന ബ്രാഹ്മണഗൃഹത്തിൽ അവരും സ്വീകരിക്കപ്പെട്ടു. ഇടയിൽ ഓരോരോ വർത്തമാനങ്ങൾ പറഞ്ഞിരിക്കുന്നതിനിടയിൽ ബ്രാഹമണരിലൊരാൾ പറഞ്ഞു:

അല്ലാ, ഒരു കാര്യം നമ്മൾ ഓർത്തില്ലല്ലോ. പാഞ്ചാല രാജാവു ദ്രുപദന്റെ മകൾ കൃഷ്ണയുടെ സ്വയംവരം നിശ്ചയിച്ചിരിക്കുകയല്ലേ? രാജാക്കന്മാരൊക്കെ അങ്ങോട്ടുപോയിത്തുടങ്ങിയിട്ടുണ്ട്. നമുക്കും പോകണം. ബ്രാഹ്മണർക്ക് പിടിപ്പതു ദക്ഷിണകിട്ടുന്ന സമയമല്ലേ. എന്നിട്ട് തിരിഞ്ഞ് പാണ്ഡവരോടായി പറഞ്ഞു:

നിങ്ങളെ കണ്ടിട്ട് വെറും ബ്രാഹ്മണരായി തോന്നുന്നില്ല. കുടുമയും ഭസ്മക്കുറിയുമൊക്കെയുണ്ടെങ്കിലും ക്ഷാത്രതേജസ്സാണ് നിങ്ങളിൽ വിളങ്ങുന്നത്. അഞ്ചുപേരും നല്ല സുന്ദരന്മാരും. ഏതായാലും ഒന്നു പോയി നോക്ക്. ചിലപ്പോൾ ആ സുന്ദരിക്കുട്ടിയെ നിങ്ങൾക്കു തന്നെ കിട്ടിക്കൂടെന്നില്ലല്ലോ?

ഒരു കള്ളച്ചിരിയോടെ ബ്രാഹ്മണൻ പറഞ്ഞു നിർത്തിയപ്പോൾ അർജ്ജുനൻ കയറിച്ചോദിച്ചു: അല്ലയോ മഹാബ്രാഹ്മണാ, അറിയാൻ വേണ്ടി ചോദിക്കുകയാണ്, അത്രയ്ക്ക് സുന്ദരിയാണോ ആ കുമാരി?

ബ്രാഹ്മണൻ അത്ഭുതത്തോടെ മറുചോദ്യം ചോദിച്ചു: ആണോയെന്നോ? നിറം അല്പം കറുത്തിട്ടാണെങ്കിലും ദേവസുന്ദരികളെപ്പോലും തോല്പിക്കുന്ന അഴകല്ലേ അവൾക്ക്? ഒന്നു ചെന്നു കാണൂ. മാതാപിതാക്കൾ വാത്സല്യത്തോടെ കൃഷ്ണയെന്നു വിളിക്കുന്ന അവളെ നാട്ടുകാരെല്ലാം പാഞ്ചാലി എന്ന ഓമനപ്പേരിലാണറിയുന്നത്. അവളുടെ ജനനത്തിന്റെ പിന്നിലൊരു കഥയുമുണ്ട്! കേട്ടോളൂ. ബ്രാഹ്മണൻ പാഞ്ചാലിയുടെ ജനനകഥ പറഞ്ഞുതുടങ്ങി.

ഇന്നത്തെ പാഞ്ചാലരാജാവ് ദ്രുപദനും കൗരവഗുരു ദ്രോണാചാര്യരും അഗ്നിവേശമുനിയുടെ ആശ്രമത്തിൽ കുറെക്കാലം സഹപാഠികളായിരുന്നു. പഠനം പൂർത്തിയാക്കി പിരിയുമ്പോൾ ദ്രുപദൻ ദ്രോണരോട്, താൻ രാജാവായാൽ പകുതി രാജ്യം ദ്രോണർക്ക് നല്കും എന്നൊരു വാഗ്ദാനവും നല്കി. പിന്നീട് ദ്രുപദൻ രാജാവായി വാഴുമ്പോൾ, ദാരിദ്ര്യം കൊണ്ടു പൊറുതിമുട്ടിയ ദ്രോണർ തന്റെ സഹപാഠിയെ കാണാനെത്തി. അയാൾ, ദ്രോണരെ അറിഞ്ഞതായിപോലും ഭാവിച്ചില്ലെന്നു മാത്രമല്ല, അപമാനിച്ചയയ്ക്കുകയും ചെയ്തു.

അഭിമാനക്ഷതം ഉള്ളിലൊതുക്കി നടന്ന ദ്രോണർ പില്ക്കാലത്തു തന്റെ ശിഷ്യന്മാരായ കൗരവരെയും പാണ്ഡവരെയും അയച്ച് ദ്രുപദനെ പിടിച്ചുകെട്ടി തന്റെ അടുത്തെത്തിക്കുകയും പകുതിരാജ്യം മാത്രം തിരിച്ചുകൊടുത്ത് അയാളെ മടക്കി അയയ്ക്കുകയും ചെയ്തു.

ഇതിൽ മനംനൊന്ത് ദ്രുപദൻ ദ്രോണരോടു പ്രതികാരം ചെയ്യാൻ കെല്പുള്ള ഒരു പുത്രൻ തനിക്കു ജനിക്കണം എന്ന പ്രാർത്ഥനയോടുകൂടി യാജൻ എന്ന മഹർഷിയെക്കൊണ്ട് പുത്രകാമേഷ്ടി യാഗം നടത്തി. യാഗാഗ്നിയിൽ നിന്ന് സർവാസ്ത്ര വിഭൂഷിതനായ ധൃഷ്ടദ്യുമ്നൻ എന്ന പുത്രനും സർവലോകസുന്ദരിയായ കൃഷ്ണ എന്ന പുത്രിയും ജന്മമെടുത്തു. രാജാവ് അവരെ വാത്സല്യപൂർവം വളർത്തിക്കൊണ്ടുവന്നു. ഇന്ന് ധൃഷ്ടദ്യുമ്നൻ ലോകത്തിലെ ഏതൊരു യുദ്ധവീരനെയും പരാജയപ്പെടുത്താൻ പോന്ന യുദ്ധവീര്യമുള്ളവനാണ്. കൃഷ്ണയാകട്ടെ സർവപുരുഷന്മാരെയും പ്രലോഭിപ്പിക്കുന്ന അലൗകിക സൗന്ദര്യത്തിന്റെ ഉടമയും.

മറ്റൊരു രഹസ്യം കൂടിയുണ്ട്. പാഞ്ചാലരാജാവിന് ഒരു മോഹമുണ്ടത്രെ. പാണ്ഡവകുമാരൻ പാർത്ഥൻ തന്റെ മകൾക്കു ഭർത്താവായി വരണമെന്ന്. പക്ഷേ, അയാളുൾപ്പെടെ പാണ്ഡവകുമാരന്മാർ ആരെങ്കിലും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്നുപോലും ആർക്കും അറിഞ്ഞുകൂടാ. എല്ലാം ദൈവനിശ്ചയം.

ബ്രാഹ്മണൻ ഒരു നെടുവീർപ്പോടെ പാഞ്ചാലിയുടെ ജന്മകഥ പറഞ്ഞുതീർത്തപ്പോൾ കുന്തിയുടെയും മക്കളുടെയും മുഖത്ത് ഒരു ഗൂഢസ്മിതം തെളിയുന്നത് ബ്രാഹ്മണരുടെ ശ്രദ്ധയിൽ പെട്ടില്ല.

പിറ്റേന്നുതന്നെ ആതിഥേയരോടു യാത്രചൊല്ലി കുന്തിയും മക്കളും പാഞ്ചാലദേശത്തേക്കു പുറപ്പെട്ടു. ഇടയ്ക്ക് അംഗാരപർണ വനത്തിലൂടെ രാത്രിയിൽ വെളിച്ചം തെളിച്ചു കടന്നു പോയ പാണ്ഡവരെ അംഗാരപർണൻ എന്നു പേരുള്ള ഒരു ഗന്ധർവൻ ആക്രമിച്ചു. അയാൾ ഭാര്യമാരോടൊപ്പം ഗംഗാനദിയിൽ ജലക്രീഡയിൽ മുഴുകിയിരിക്കുകയായിരുന്നു. തന്റെ ക്രീഡകൾക്കു പാണ്ഡവർ ഭംഗംവരുത്തിയെന്നാരോപിച്ചായിരുന്നു ആക്രമണം. പക്ഷേ, അർജുനന്റെ അസ്ത്രങ്ങൾക്കു മുമ്പിൽ പിടിച്ചു നില്ക്കാനാവാതെ അയാൾ അടിയറവു പറഞ്ഞു.

പാണ്ഡവരെ തിരിച്ചറിഞ്ഞ ഗന്ധർവൻ അവരോടു ക്ഷമയാചിക്കുക മാത്രമല്ല ശത്രുസംഹാരത്തിനു അടിയന്തിരഘട്ടത്തിൽ മാത്രം ഉപയോഗിക്കേണ്ട ചില രഹസ്യായുധങ്ങൾ അർജുനന് ഉപദേശിച്ചുകൊടുക്കുകയും ചെയ്തു.



**_സഹോദരൻ ധൃഷ്ടദ്യുമ്നന്റെ കൈപിടിച്ച് സർവാഭരണ വിഭൂഷിതയായ പാഞ്ചാലി സ്വയംവര മണ്ഡപത്തിലേക്കു വരികയാണ്. പൂത്തുലഞ്ഞ ചന്ദ്രബിംബം പതുക്കെ അടിവച്ചു നീങ്ങുകയാണെന്നേ കാണികൾക്കു തോന്നിയുള്ളൂ._**

പാഞ്ചാലരാജധാനിയിലെത്തുമ്പോൾ അവിടെ ഒരു മഹോത്സവത്തിന്റെ അന്തരീക്ഷമായിരുന്നു. തെരുവുകളും അതിഥിമന്ദിരങ്ങളും സ്വയംവരവേദിയുമൊക്കെ ആളുകൾ തിങ്ങിനിറഞ്ഞിരിക്കുന്നു. ബ്രാഹ്മണ വേഷധാരികളായ പാണ്ഡവരെ ആരും തിരിച്ചറിഞ്ഞില്ല. അരക്കില്ലദഹനത്തിൽ പാണ്ഡവർ മരിച്ചുപോയി എന്ന വാർത്തപോലും പലരും മറന്നുകഴിഞ്ഞു. അതുകൊണ്ട് പാണ്ഡവവീരന്മാരുടെ സാന്നിധ്യത്തെപ്പറ്റി ആരും സംശയിച്ചതുമില്ല.

സ്വയംവരമണ്ഡപത്തിൽ നിരന്നിരിക്കുന്ന സുന്ദരവിഡ്ഢികളുടെയിടയിൽ ദുര്യോധനദുശ്ശാസനന്മാരും ജരാസന്ധനും ശിശുപാലനും ഒക്കെയുണ്ടായിരുന്നു. രസകരമായ ഒരു കാര്യം ശ്രീകൃഷ്ണനും ബലരാമനും അവിടെയെത്തിയിരുന്നു എന്നതാണ്. 'നമ്മൾ സ്വയംവരാർത്ഥികളായിട്ടല്ല വെറും കാഴ്ചക്കാരായിട്ടായിരിക്കും പോകുക' എന്ന് ബലരാമനെയും കൂടി കൃഷ്ണൻ സമ്മതിപ്പിച്ചിരുന്നു. വരാനുള്ളതു മുഴുവൻ ഉള്ളിലറിയുന്നവനാണല്ലോ കൃഷ്ണൻ. ആവശ്യം വന്നാൽ പാണ്ഡവർക്ക് സഹായമാകണം എന്നായിരുന്നു അദ്ദേഹത്തിന്റെ ഉള്ളിലിരുപ്പ്.

വരുംവഴി ജനക്കൂട്ടത്തിനിടയിൽ ഭിക്ഷാംദേഹികളായി നില്ക്കുന്ന വൃദ്ധബ്രാഹ്മണിയെയും അഞ്ചുമക്കളെയും തിരിച്ചറിയാൻ കൃഷ്ണനു പ്രയാസമുണ്ടായില്ല. എല്ലാവരും തമ്മിൽ കണ്ടെങ്കിലും ആരും അറിഞ്ഞഭാവം നടിച്ചതുമില്ല. ഒപ്പമുള്ള ബലരാമനെ തോണ്ടി കൃഷ്ണൻ ചെവിയിൽ പറഞ്ഞു: "നോക്കിക്കേ ആ ബ്രാഹ്മണർക്കിടയിൽ ഒരമ്മയും അഞ്ചുമക്കളും നില്ക്കുന്നതു കണ്ടോ?" ബലരാമൻ നോക്കി. മുഖത്ത് മന്ദസ്മിതം വിരിഞ്ഞു. കൃഷ്ണന്റെ നേരെ തിരിഞ്ഞ് ചിരിവിടാതെ തലയാട്ടി. രണ്ടുപേരും മുന്നോട്ടു നീങ്ങുകയും ചെയ്തു.

ഇത്തിരി കഴിഞ്ഞപ്പോൾ ജനക്കൂട്ടത്തിനിടയിൽ വലിയ ബഹളം. ആളുകളെല്ലാം കൊട്ടാരത്തിൽ നിന്നു സ്വയംവരവേദിയിലേക്കുള്ള വഴിയിലേക്ക് തിരിഞ്ഞ് രാജാവിനും രാജകുമാരനും കുമാരിക്കും ആർപ്പു വിളിച്ചു. സഹോദരൻ ധൃഷ്ടദ്യുമ്നന്റെ കൈപിടിച്ച് സർവാഭരണ വിഭൂഷിതയായ പാഞ്ചാലി സ്വയംവര മണ്ഡപത്തിലേക്കു വരികയാണ്. പൂത്തുലഞ്ഞ ചന്ദ്രബിംബം പതുക്കെ അടിവച്ചു നീങ്ങുകയാണെന്നേ കാണികൾക്കു തോന്നിയുള്ളൂ. രാജാക്കന്മാർ നീണ്ടകഴുത്തു പൊക്കി പ്രവേശന കവാടത്തിലേക്കു വലിഞ്ഞു നോക്കി. അതാ, അവൾ വന്നുകഴിഞ്ഞു. അവളെന്റേതാകുമോ, എന്റേതാകുമോ, ഓരോരുത്തരും ഉദ്വേഗം പൂണ്ടു.

*(തുടരും)*